## പാഠം 13 ഡിസംബർ 23–29

# ക്രിസ്തീയ ജീവിതം

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചത്തെ പഠനത്തിനു വായിക്കുക: റോമർ 14–16**

**മനഃപാഠവാക്യം: "എന്നാൽ നീ സഹോദരനെ വിധിക്കുന്നത് എന്ത്. നാം എല്ലാവരും ദൈവത്തിന്റെ ന്യായസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും" റോമർ 14:10.**

റോമാലേഖന പഠനത്തിന്റെ അവസാനഘട്ടത്തിലേക്ക്, നാം എത്തിയിരിക്കുന്നു. നവോത്ഥാനത്തിലേക്കു നയിച്ചതിന്റെ പ്രധാനപങ്ക്, മറ്റേതു പുസ്തകങ്ങളെക്കാളും റോമാലേഖനത്തിന് അവകാശപ്പെടാവുന്നതാണ്. നാം എങ്ങനെ പ്രൊട്ടസ്റ്റൻന്റുകാർ ആയി എന്നതും, എന്തുകൊണ്ടു പ്രൊട്ടസ്റ്റൻന്റുകാരായി ഇപ്പോഴും നിലനില്ക്കുന്നു എന്നുള്ളതും നമ്മെ ഓർമ്മിപ്പിക്കുന്നത്, റോമാലേഖനമാണ്. പ്രൊട്ടസ്റ്റൻന്റ് എന്ന നിലയിലും അഡ്വന്റിസ്റ്റുകാർ എന്ന നിലയിലും, നമ്മൾ വിശ്വസിക്കുന്ന തത്വം (Sola Scriptura) (വിശ്വാസത്തിന്റെ അടിസ്ഥാനം) വേദപുസ്തകമാണ്. നമ്മുടെ പൂർവ്വ പിതാക്കന്മാർ നൂറ്റാണ്ടുകൾക്കു മുമ്പേ റോമുമായുള്ള ബന്ധം വിച്ഛേദിച്ചിരുന്നത്, വിശ്വാസത്തിലൂടെ രക്ഷ എന്ന മഹാസത്യം, സത്യവേദപുസ്തകത്തിലൂടെ, പ്രത്യേകിച്ചു റോമാലേഖനത്തിലൂടെ വായിച്ചുപഠിച്ചതുകൊണ്ടാണ് വിശ്വാസത്തിലൂടെ രക്ഷ എന്ന മഹത്തായ ദൂത് അതിശക്തമായി റോമാലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു.

ഒരുപക്ഷേ ജാതീയ കാരാഗൃഹപ്രമാണിയുടെ ചോദ്യത്തിൽനിന്നും ഈ വിഷയത്തിന്റെ ഒരു സംക്ഷിപ്തരൂപം നമുക്കു ലഭിക്കുന്നു. "രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം?" (അപ്പൊസ്തലപ്രവൃത്തി 16:30). റോമാലേഖനത്തിൽനിന്നും ആ ചോദ്യത്തിന്റെ ഉത്തരം നമുക്കു ലഭിക്കുന്നു. എന്നാൽ ലൂഥറിന്റെ കാലഘട്ടത്തിൽ, സഭ നൽകിയിരുന്ന ഉത്തരം അതായിരുന്നില്ല. തന്മൂലം നവോത്ഥാനം ഉണ്ടായി. അതുകൊണ്ട് ഇന്നു നമ്മളും ഇവിടെ എത്തി.

അവസാനഭാഗത്ത് പൗലൊസ് മറ്റു വിഷയങ്ങൾക്കൂടി ഈ പാഠത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകിച്ച് അപ്പൊസ്തലന്റെ പ്രധാന ആശയങ്ങളിൽനിന്നും വ്യതിചലിച്ച്, എന്നാൽ വളരെ പ്രാധാന്യം അർഹിക്കുന്ന, ഉൾപ്പെടുത്തേണ്ട ഭാഗങ്ങളിൽക്കൂടി, ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു... അതുകൊണ്ട് നമുക്ക് അവ വിശുദ്ധവചനങ്ങൾ തന്നെ.

എങ്ങനെയാണ് പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത്? എന്തു വിലപ്പെട്ട സത്യങ്ങളാണ് നമുക്കായി അതിൽ എഴുതിയിട്ടുള്ളത്? അവകാശി പൗലൊസ് മാത്രമല്ല. നമ്മുടെ പ്രൊട്ടസ്റ്റൻന്റ് പൂർവ്വപിതാക്കളും അതിൽ ഉൾപ്പെടും.

**വിശ്വാസത്തിന്റെ ബലഹീനത**

റോമർ 14:1-3; വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ച മാംസം കഴിക്കാമോ എന്ന ചോദ്യത്തിനു യെരുശലേം സുന്നഹദോസിന്റെ (അപ്പൊസ്തലപ്രവൃത്തി 15) തീരുമാനം, മാനസാന്തരപ്പെട്ട് ജാതികളിൽനിന്നും വന്ന വിശ്വാസികൾ, അത്തരം ഭക്ഷണം കഴിക്കരുതെന്നാണ്. എന്നാൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ച മാംസം അങ്ങാടിയിൽ വില്ക്കുന്നതിനെക്കുറിച്ചു ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു (1 കൊരിന്ത്യർ 10:25). ചില ക്രിസ്ത്യാനികൾ ആ വക കാര്യങ്ങൾ വക വച്ചിരുന്നില്ല. എന്നാൽ ചിലർ നേരിയ സംശയമെങ്കിലും ഉണ്ടെങ്കിൽ പച്ചക്കറികൾ കഴിക്കുന്നതു തിരഞ്ഞെടുത്തു. ഈ വിഷയം ആരോഗ്യ സംരക്ഷണത്തെയോ, സസ്യാഹാര ഭക്ഷണക്രമത്തെയോ ആധാരമാക്കി ഉണ്ടായിരുന്നതല്ല. ശുദ്ധിയും അശുദ്ധിയുള്ളതുമായ മാംസത്തിന്റെ തരംതിരിവ് ഇല്ലാതാക്കണമെന്നല്ല പൗലൊസ് തന്റെ ലേഖനത്തിൽ ആവശ്യപ്പെടുന്നത്. ഇവിടത്തെ ചർച്ചാവിഷയവും അതല്ല. "ഒരുവൻ എല്ലാം തിന്നുകൊള്ളട്ടെ" (റോമ. 14:2) എന്ന വാക്കുകൾ ശുദ്ധമായതും അശുദ്ധമായതും അവനു തിന്നാമെന്നു പറയുന്നത് അവർ അവന്റെ വാക്കുകളെ ദുരുപയോഗം ചെയ്യുകയാണ്. മറ്റു പുതിയ നിയമ ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ തെറ്റിദ്ധാരണകൾ മാറിക്കിട്ടും.

അതിനിടെ വിശ്വാസത്തിൽ ഒരാഴ്ച ആയ ആളിനെയും സ്വീകരിക്ക എന്നു പറഞ്ഞാൽ പൂർണ്ണ അർത്ഥത്തിൽ സഭാംഗത്വവും സമൂഹപദവിയും നൽകണം എന്നാണ് അർത്ഥമാക്കുന്നത്. അവനുമായി വാദപ്രതിവാദങ്ങൾ ഒന്നുംതന്നെ ആവശ്യം ഇല്ല. മാത്രമല്ല അവന്റെ അഭിപ്രായത്തിനെ വിലകല്പിക്കുകയും മാനിക്കുകയും വേണം.

**റോമർ 14:1-3 വരെയുള്ള വേദഭാഗത്തെ അടിസ്ഥാനമാക്കി എന്തു തീരുമാനം നാം കൈക്കൊള്ളണം?**

റോമർ 14:3 'വിശ്വാസത്തിൽ ബലഹീനരെ'പ്പറ്റി പൗലൊസ് ഇവിടെ നിഷേധാത്മകമായി സംസാരിച്ചതല്ലെന്നു പ്രത്യേകം ഓർത്തിരിക്കണം (റോമർ 14:1). എന്നാൽ കൂടുതൽ ശക്തരാകാൻ കൊടുത്ത ഉപദേശവും അല്ല. ദൈവത്തെ സംബന്ധിച്ചിടത്തോളം ദൈവം അവനെ സ്വീകരിച്ചിരിക്കുന്നു. അവനെ വിധിക്കുന്ന അവന്റെ കൂട്ടുവിശ്വാസികളാണ് അവനെ സ്വീകരിക്കാത്തത് "ദൈവം അവനെ കൈക്കൊണ്ടിരിക്കുന്നല്ലോ."

**റോമർ 14:4 ഇപ്പോൾ നാം ചിന്തിച്ച ആശയം ഒന്നുകൂടി എങ്ങനെ വിപുലീകരിക്കാൻ കഴിയും?**

**ഇന്നത്തെ പാഠത്തിന്റെ പ്രസക്തഭാഗങ്ങൾ മനസ്സിൽ സൂക്ഷിച്ചു സ്ഥലവും സമയവും നോക്കി നമ്മൾ ആ വ്യക്തിയിലേക്കു കടന്നു ചെല്ലേണ്ട ആവശ്യം ഇല്ലേ? ആ വ്യക്തിയുടെ ഹൃദയം അല്ലെങ്കിൽ ആ ആളിന്റെ പ്രവൃത്തികൾ നാം ശ്രദ്ധിക്കേണ്ടതല്ലേ? ഓരോ സാഹചര്യങ്ങളിലും നാം പിന്തിരിയാമോ? യെശയ്യാവ് 56:10 കാവൽക്കാർ "കുരപ്പാൻ കഴിയാത്ത ഊമ നായ്ക്കൾ."**

**എപ്പോൾ സംസാരിക്കണം എപ്പോൾ മൗനം പാലിക്കണമെന്ന് എങ്ങനെ നമുക്കറിയാം? എങ്ങനെ ഒരു സന്തുലിതാവസ്ഥ നമുക്കു പാലിക്കാൻ കഴിയും?**

**തിങ്കൾ** **ഡിസംബർ 25**

**ന്യായാസനത്തിന്റെ മുമ്പിൽ**

**വായിക്കുക: റോമർ 14:10 മറ്റുള്ളവരെ ന്യായം വിധിക്കുമ്പോൾ നാം വളരെയധികം ശ്രദ്ധാലുക്കൾ ആയിരിക്കണമെന്ന് പൗലൊസ് പറയാൻ കാരണമെന്ത്?**

ചില സമയങ്ങളിൽ നമ്മൾ മറ്റുള്ളവരെ ന്യായം വിധിക്കുന്നത് പരുക്കനും വെറുപ്പുളവാക്കുന്ന വിധത്തിലും ആകും. എന്നാൽ പലപ്പോഴും അത്തരം കാര്യങ്ങൾ നമ്മൾതന്നെ ചെയ്യാറുണ്ട്. എന്നാൽ അതേകാര്യം മറ്റുള്ളവർ ചെയ്യുമ്പോൾ നമ്മൾ കൂടുതൽ അക്ഷമരാകാറുണ്ട്. നമ്മുടെ കപടവേഷംകൊണ്ടു നമ്മൾ പലപ്പോഴും വിഡ്ഢികൾ ആയിത്തീരാറുമുണ്ട്. അതിനെതിരെ ദൈവം മുന്നറിയിപ്പു നൽകുന്നു (മത്തായി 7:1–4). "നിങ്ങൾ വിധിക്കപ്പെടേണ്ടതിന് വിധിക്കരുത്. നിങ്ങൾ വിധിക്കുന്ന വിധിയാൽ നിങ്ങളെയും വിധിക്കും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നുകിട്ടും. എന്നാൽ സ്വന്തം കണ്ണിലെ കോൽ നോക്കാതെ സഹോദരന്റെ കണ്ണിലെ കരടു നോക്കുന്നത് എന്ത്? അല്ല സ്വന്തം കണ്ണിൽ കോൽ ഇരിക്കെ, നീ സഹോദരനോട് നില്ല് നിന്റെ കണ്ണിൽനിന്നും കരട് എടുത്തുകളയട്ടെ എന്നു പറയുന്നത് എങ്ങനെ?"

**പഴയനിയമത്തിൽനിന്നും പൗലൊസ് ഉദ്ധരിച്ച വേദഭാഗത്തിന്റെ പ്രസക്തി എന്താണ്? റോമർ 14:11.**

യെശയ്യാവ് 45:23 നമ്മെ ഓർമ്മപ്പെടുത്തുന്നത് നാമെല്ലാവരും ന്യായവിധി നേരിടേണ്ടിവരുമെന്നുള്ള ആശയത്തെ പിൻതാങ്ങുന്നു എന്നാണ്. "എല്ലാ മുഴങ്കാലും" "എല്ലാ നാവും" എന്ന പ്രയോഗം അർത്ഥമാക്കുന്നത് എല്ലാവർക്കും വ്യക്തിഗത പരിഗണന നൽകുന്നു എന്നും എല്ലാവരും അവരവരുടെ ജീവനും പ്രവർത്തിക്കും ഉത്തരവാദികൾ ആയിരിക്കുമെന്നും ആണ് (റോമർ 14:12). ഒരാൾ വേറൊരാൾക്കുവേണ്ടി ഉത്തരം പറയാൻ സാധിക്കില്ല. ഈ പ്രത്യേക വിഷയത്തിൽ നാം നമ്മുടെ 'സഹോദരന്റെ കവൽക്കാരൻ' അല്ല.

**ഈ പശ്ചാത്തലം മനസ്സിൽ ധ്യാനിച്ച് പൗലൊസ് റോമർ 14:14 ൽ പറയുന്ന ഭാഗങ്ങൾ നിങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു?**

വിഷയം വീണ്ടും വിഗ്രഹങ്ങൾക്ക് ബലി അർപ്പിച്ച ഭക്ഷണം തന്നെ. ഭക്ഷണവസ്തു ശുദ്ധിയുള്ളതോ അശുദ്ധിയുള്ളതോ എന്നതല്ല ഇവിടത്തെ പ്രധാനവിഷയം. ഭക്ഷണം വിഗ്രഹാർപ്പിതം ആയാൽപോലും അതു കഴിക്കുന്നതു തെറ്റല്ല എന്നാണ്. ചുരുക്കത്തിൽ വിഗ്രഹം എന്നു പറഞ്ഞാൽ എന്താണ്? അത് ഒന്നും അല്ല. കാണുക (1 കൊരിന്ത്യർ 8:4). അതുകൊണ്ട് ഒരു കാളക്കുട്ടിക്കോ തവളയ്ക്കോ ഒരു വിഗ്രഹോപാസകൻ നിവേദിച്ച ഭക്ഷണമാണോ അല്ലയോ എന്ന് ഒരു പരിഗണനയും കൊടുക്കേണ്ട ആവശ്യം ഇല്ല.

ഒരു വ്യക്തി തന്റെ മനസ്സാക്ഷിക്ക് അതെത്ര സംവേദനശക്തി കൂടിയതായാലും വിരുദ്ധമായി പ്രവർത്തിക്കരുത്. ഈ സത്യം ശക്തരായ ക്രിസ്തീയ സഹോദരന്മാർ പ്രത്യക്ഷത്തിൽ മനസ്സിലാക്കുന്നില്ല. പകരം അവർ ബലഹീന സഹോദരന്മാരുടെ മനസ്സാക്ഷിയെ അവജ്ഞയോടെ വീക്ഷിക്കുകയും അവരുടെ പ്രയാണമാർഗ്ഗേ വിലങ്ങുതടിയായി നില്ക്കുകയും ചെയ്യുന്നു.

**ദൈവവേലയിലുള്ള ശുഷ്കാന്തി കൂടുതൽകൊണ്ട് പൗലൊസ് മുന്നറിവു തരുന്ന വിഷയത്തിൽ അപകടം സൃഷ്ടിക്കാറുണ്ടോ? നമ്മുടെ ഉദ്ദേശ്യം എത്ര മഹത്തരമായാലും മറ്റുള്ളവരുടെ മനഃസ്സാക്ഷി വൃണപ്പെടുത്താതിരിക്കാൻ എത്ര മാത്രം ശ്രദ്ധയുള്ളവരായിരിക്കണം നാം?**

**ചൊവ്വ** **ഡിസംബർ 26**

**ഇടർച്ച വരുത്തരുത്**

**വായിക്കുക: റോമർ 14:15–23 (കാണുക 1 കൊരിന്ത്യർ 8:12,13) താഴെ കൊടുത്തിരിക്കുന്ന വരികളിൽ പൗലൊസ് പറയുന്ന കാര്യങ്ങൾ ചുരുക്കത്തിൽ എഴുതുക. ഈ വേദഭാഗങ്ങളിൽനിന്നും എന്തു തത്വം നമുക്കു നമ്മുടെ ജീവിതത്തിന്റെ വിവിധ മേഖലകളിൽ പ്രായോഗികമായി കൊണ്ടുവരാൻ കഴിയും?**

റോമർ 14:17–20 ഇവിടെ പൗലൊസ് ക്രിസ്ത്യാനിത്വത്തിന്റെ വിവിധ വശങ്ങൾ പ്രത്യേക കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുന്നു. ഭക്ഷണക്രമം വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. ക്രിസ്ത്യാനി വേറൊരാളുടെ ഭക്ഷണരീതിമേൽ പ്രത്യേകിച്ചു വിഗ്രഹാർപ്പിതമായ മാംസാഹാരത്തിനു പകരം സസ്യാഹാരം കഴിക്കുന്നതിനു ശണ്ഠ കൂടേണ്ടതില്ല. പകരം പരിശുദ്ധാത്മാവിൽ വിശുദ്ധീകരണത്തിനും സമാധാനത്തിനും സന്തോഷത്തിനുംവേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കണം. നമ്മുടെ ദൈവാലയങ്ങളിൽ എത്രനാൾ ഭക്ഷണകാര്യങ്ങളിൽ നാം ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കും? എന്നിരുന്നാലും ആരോഗ്യദൂതുകളും നല്ല ഭക്ഷണരീതികളെക്കുറിച്ചുള്ള അദ്ധ്യാപനവും ചർച്ചകളുമൊക്കെ അനുഗ്രഹങ്ങളാക്കി മാറ്റുവാൻ കഴിയും. എല്ലാവരും ഈ വിഷയത്തെപ്പറ്റി ഒരേ കാഴ്ചപ്പാട് ഉള്ളവരല്ല. 'വ്യത്യസ്തത' ബഹുമാനിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

**റോമർ 14:22 ആളുകളെ അവരവരുടെ മനസ്സാക്ഷിക്ക് അനുസരണമായി വിടുന്നതോടൊപ്പം പൗലൊസ് അതിന്റെ ഗുണനിലവാരത്തെക്കുറിച്ചു മുന്നറിയിപ്പു നൽകുന്നത് രസാവഹമാണ്. പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതും ആണ്. "താൻ സ്വീകരിക്കുന്നതിൽ തന്നെത്താൻ വിധിക്കാത്തവൻ ഭാഗ്യവാൻ." എന്തു മുന്നറിയിപ്പാണ് ഇവിടെ പൗലൊസ് നൽകുന്നത്? ഈ ഭാഗം തുടർന്ന് ഇതേ പശ്ചാത്തലത്തിൽ പറയുന്ന ഭാഗങ്ങളുമായി എങ്ങനെ തുല്യത പാലിക്കുന്നു.?**

"ഞാൻ എന്തു ഭക്ഷിക്കുന്നു എന്തു ധരിക്കുന്നു ഏതുതരം വിനോദങ്ങളിൽ ഏർപ്പെടുന്നു എന്നുള്ളത് വേറൊരു വ്യക്തി അന്വേഷിക്കേണ്ട കാര്യമില്ല. അതെന്റെ സ്വന്തം കാര്യമാണ് എന്ന് ആളുകൾ പറയുന്നതു നിങ്ങൾ കേട്ടിട്ടില്ലേ? അതങ്ങനെ തന്നെയാണോ? നമ്മൾ ആരുംതന്നെ ശൂന്യതയിൽ ജീവിക്കുന്നില്ല. നമ്മുടെ

പ്രവൃത്തി, വാക്കുകൾ, നമ്മുടെ ആംഗ്യങ്ങൾ മാത്രമല്ല നമ്മുടെ ഭക്ഷണക്രമങ്ങൾ ഇവയൊക്കെ മറ്റുള്ളവരെ മെച്ചപ്പെടുത്താനോ മോശമാക്കാനോ സ്വാധീനിക്കാൻ സാദ്ധ്യതയുള്ളതാണ്. അതെങ്ങനെയെന്നു മനസ്സിലാക്കാൻ വിഷമമില്ല. നിങ്ങളെ ശ്രദ്ധിക്കുന്ന ആരെങ്കിലും നിങ്ങൾ ചെയ്യുന്ന തെറ്റു കണ്ടിട്ട് അതേ തെറ്റു ചെയ്യുന്ന തിനു പ്രേരിപ്പിക്കപ്പെടുന്നു. അങ്ങനെ സംഭവിക്കുന്നില്ല എന്നു ചിന്തിക്കുന്നത് വിഡ്ഢിത്തം ആണ്. തെറ്റു ചെയ്യാൻ ഞാൻ നിർബന്ധിച്ചില്ല എന്നു പറയുന്നതിൽ അർത്ഥമില്ല. ക്രിസ്ത്യാനികൾ എന്ന നിലയിൽ അന്യോന്യം നമുക്ക് ഉത്തരവാദിത്വം ഉണ്ട്. നമ്മുടെ നിലപാടുകൾ മറ്റൊരാളെ ദൈവഭാഗത്തുനിന്നും അകറ്റുകയാണെങ്കിൽ നാം ശിക്ഷാർഹരാണ്.

**ഏതുതരം മാതൃകയാണ് നിങ്ങൾ പുലർത്തുന്നത്? എല്ലാ മണ്ഡലങ്ങളിലും നിങ്ങളുടെ മാതൃക പ്രത്യേകിച്ച്, യുവാക്കളായ വിശ്വാസികളും പുതുതായി സത്യം സ്വീകരിച്ച വിശ്വാസികളും പിൻതുടരുന്നതിൽ നിങ്ങൾ തൃപ്തരാണോ? എന്ത് ഉത്തരമാണ് നിങ്ങൾക്കു പറയാനുള്ളത്?**

**ബുധൻ** **ഡിസംബർ 27**

**ദിവസങ്ങളുടെ അനുഷ്ഠാനം**

മറ്റുള്ളവരെ വിധിക്കരുത് എന്ന ചർച്ചയിൽ നമ്മൾ ചിന്തിക്കുന്നതിൽ നിന്നും വേറിട്ടു ചിന്തിക്കുന്നവരുണ്ടാകാം. നമ്മുടെ പ്രവൃത്തികൊണ്ട് നമ്മൾ മറ്റുള്ളവർക്കു തടസ്സം സൃഷ്ടിക്കാനോ മുറിവേല്പിക്കാനോ പാടില്ല. ഇത്രയും പറഞ്ഞതിനുശേഷം പൗലൊസ് പ്രത്യേക ദിനാചരണത്തെപ്പറ്റി ചർച്ച ചെയ്യുന്നു. ചിലർ ചില പ്രത്യേക ദിവസങ്ങളെ മാനിക്കുന്നു. ചിലർ മാനിക്കുന്നില്ല.

വായിക്കുക: റോമർ 14:4-10 ഇവിടെ പൗലൊസ് പറയുന്നത് നാം എങ്ങനെ യാണു മനസ്സിലാക്കുന്നത്? പൗലൊസ് ഇവിടെ നാലാം കല്പനയെക്കുറിച്ചു പ്രതി പാദിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

പൗലൊസ് ഏതു ദിവസത്തെപ്പറ്റിയാണു സംസാരിക്കുന്നത്? ആദിമസഭകളിൽ ഏതെങ്കിലും പ്രത്യേക ദിവസങ്ങൾ ആചരിക്കുന്നതിനെപ്പറ്റി എന്തെങ്കിലും തർക്ക ങ്ങളോ വാഗ്വാദങ്ങളോ ഉണ്ടായിരുന്നോ? പ്രത്യക്ഷത്തിൽ ഉണ്ടായിരുന്നു ഗലാത്യർ 4:9,10. അങ്ങനെ ഒരു തർക്കം നിലനിന്നതായി സൂചനകൾ ഉണ്ട്. ആചാരപരമായി സമയങ്ങളും ദിവസങ്ങളും മാസങ്ങളും വർഷങ്ങളും ആചരിക്കുന്നതുമൂലം ഗലാത്യാവിശ്വാസികളെ പൗലൊസ് ശക്തമായി വിമർശിച്ചിരുന്നു. രണ്ടാമത്തെ അദ്ധ്യായത്തിൽ നാം പഠിപ്പിച്ചതുപോലെ പരിച്ഛേദനയ്ക്കുവേണ്ടി ഗലാത്യാവിശ്വാ സികളെ ചിലർ പ്രേരിപ്പിച്ചിരുന്നു. അതോടൊപ്പം മോശൈക ന്യായപ്രമാണവും പാലിക്കാൻ നിർബന്ധിച്ചിരുന്നു. റോമയിലുള്ള വിശ്വാസികളിലും ഈ പ്രവണത ഉടലെടുക്കുകയും അതു സഭയുടെ നാശത്തിലേക്കു നയിക്കുകയും ചെയ്യുമെന്നു പൗലൊസ് ഭയപ്പെട്ടിരുന്നു. ഒരുപക്ഷേ റോമിലുള്ള വിശ്വാസികൾക്കു പ്രത്യേകിച്ച് യെഹൂദാക്രിസ്ത്യാനികൾ യെഹൂദരുടെ ഉത്സവങ്ങൾ ആചരിക്കുന്നതിൽനിന്നും വിട്ടുനില്ക്കുന്നതിന് അവരെ പ്രേരിപ്പിക്കാൻ കഠിനപ്രയത്നം ചെയ്യേണ്ടിവന്നു. ഈ വിഷയത്തിൽ പൗലൊസിന്റെ അഭിപ്രായം ഇപ്രകാരമാണ്. നിങ്ങൾ ഇഷ്ടം പോലെ

ചെയ്തു കൊള്ളുക. നിങ്ങളിൽനിന്നും വ്യത്യസ്തമായി ചിന്തിക്കുന്നവരെ ഒരു കാരണവശാലും വിധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധയുണ്ടാവണം. പ്രത്യക്ഷത്തിൽ, ചില ക്രിസ്ത്യാനികൾ സുരക്ഷിതമേഖലയിലാണ്. അവർ ഒന്നോ അതിലധികമോ യെഹൂദാഉത്സവങ്ങൾ ആചരിക്കും. അവർക്കായി പൗലൊസിന്റെ ഉപദേശം ഇപ്രകാരമാണ്. "അങ്ങനെ ഉത്സവം ആചരിക്കണമെന്ന് അവർക്കു നിർബന്ധം ഉണ്ടെങ്കിൽ അവർ അങ്ങനെ ചെയ്യട്ടെ."

റോമർ 14:5 ആഴ്ചതോറുമുള്ള ശബ്ബത്ത് ആചാരത്തെപ്പറ്റി അതു ന്യായീകരിക്കത്തക്കതല്ല എന്നാണു ചിലരുടെ വാദം. അങ്ങനെയൊരു പിൻമാറ്റ നിലപാട് ശബ്ബത്ത് ആചാരത്തെക്കുറിച്ചു പൗലൊസ് എടുക്കുമെന്ന് ആർക്കെങ്കിലും ചിന്തിക്കാൻ കഴിയുമോ? ന്യായപ്രമാണ അനുസരണത്തിന് അതിശക്തമായ ഊന്നൽ കൊടുത്തുകൊണ്ടാണ് റോമാലേഖനം എഴുതിയതെന്ന ഈ ക്വാർട്ടറിലെ എല്ലാ അദ്ധ്യായങ്ങളിൽനിന്നും നാം പഠിച്ചുകഴിഞ്ഞു. അതുകൊണ്ട് വിഗ്രഹാർപ്പിത ഭക്ഷണകാര്യങ്ങൾ സംസാരിക്കുന്ന അതേ ലാഘവത്തോടെ പൗലൊസ് ശബ്ബത്ത് കല്പനയെപ്പറ്റി സംസാരിക്കുമെന്നു കരുതുന്നുണ്ടോ? ഏഴാം ദിന ശബ്ബത്ത് നീക്കപ്പെട്ടു എന്നു സ്ഥാപിക്കാനായി ഈ വേദഭാഗം ഉദാഹരണമായി ഉദ്ധരിക്കുന്നത് അപകടമാണ്. ഇങ്ങനെ പൗലൊസിന്റെ എഴുത്തുകൾ ഉദാഹരണമായി ഉപയോഗിക്കുന്നവർക്കു പത്രൊസ് ശക്തമായ മുന്നറിയിപ്പു നൽകുന്നു. (2 പത്രൊസ് 3:16 "അവയിൽ ഗ്രഹിപ്പാൻ പ്രയാസമുള്ളത് ചിലതുണ്ട്. അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ ശേഷം തിരുവെഴുത്തുകളെപ്പോലെ അതും തങ്ങളുടെ നാശത്തിനായി കോട്ടിക്കളയുന്നു.")

**ശബ്ബത്ത് ആരാധനയുമായി നിങ്ങളുടെ അനുഭവം എപ്രകാരമുള്ളതാണ്. ശബ്ബത്ത് അനുസരിച്ചാൽ ലഭിക്കുമെന്നു വാഗ്ദത്തം ചെയ്യപ്പെട്ട അനുഗ്രഹങ്ങൾ നിങ്ങൾ പ്രാപിച്ചോ? ദൈവം വാഗ്ദത്തം ചെയ്ത അനുഗ്രഹങ്ങൾ മുഴുവനായി പ്രാപിക്കുന്നതിന് എന്തു മാറ്റങ്ങളാണു നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകേണ്ടത്?**

**വ്യാഴം** **ഡിസംബർ 28**

**അന്തിമ വാക്കുകൾ**

**വായിക്കുക: റോമർ 15:1–3 എത്ര മഹത്തായ ക്രിസ്തീയ സത്യങ്ങളാണ് ഈ തിരുവചനഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നത്? ഇതേ ആശയങ്ങൾ വേറെ ഏതു വേദവചനങ്ങളിൽ കാണാൻ കഴിയും? ഈ തത്വങ്ങൾക്ക് അനുരൂപമായി നിങ്ങൾക്കെങ്ങനെ ജീവിക്കാൻ സാധിക്കും? പൗലൊസ് തന്റെ ലേഖനത്തിന്റെ അവസാന ഭാഗത്തേക്കു വരുമ്പോൾ എന്ത് ആശീർവാദ അനുഗ്രഹങ്ങളാണ് ഉച്ചരിക്കുന്നത്? റോമർ 15:5,6,13,33.**

സമാധാനത്തിന്റെ ദൈവം - ദൈവം തന്റെ മക്കളെ ഉറച്ച മനസ്സോടെ നിശ്ശബ്ദം സഹിക്കാൻ സഹായിക്കുന്നു എന്നാണ് നാം മനസ്സിലാക്കേണ്ടത്. "ഹുപോമോൺ" (hupomone) എന്ന ഗ്രീക്കു പദത്തിന്റെ മൊഴിമാറ്റിയ രൂപമാണ് "ഉറച്ച മനസ്സോടെ നിശ്ശബ്ദം സഹിക്കുക" എന്നത്. സാന്ത്വനം അഥവാ ആശ്വസിപ്പിക്കൽ എന്ന പദം

ധൈര്യപ്പെടുത്തൽ അഥവാ പ്രോത്സാഹിപ്പിക്കൽ എന്നാണു ഭാഷാന്തരം ചെയ്തിരിക്കുന്നത്. പ്രോത്സാഹനത്തിന്റെ ദൈവം പ്രോത്സാഹിപ്പിക്കുന്നു. പ്രത്യാശയുടെ ദൈവം മനുഷ്യവർഗ്ഗത്തിനു പ്രത്യാശ നൽകുന്നവനാണ്. സമാധാനത്തിന്റെ ദൈവത്തിൽ ഒരുവൻ സമാധാനം കണ്ടെത്തുന്നു. അനേകം വ്യക്തിഗത അഭിവാദനങ്ങളോടെ **പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നു. റോമർ 16:25-27 നിങ്ങളുടെ അഭിപ്രായം എന്താണ്?**

പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുന്നത് കർത്താവായ യേശു ക്രിസ്തുവിനു സ്തുതിയും മഹത്വവും കരേറ്റിക്കൊണ്ടാണ്. വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ എന്ന നിലയിലും ദൈവത്തിന്റെ ആത്മാവിനാൽ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ എന്ന നിലയിലും സുരക്ഷിതമായി നിലനില്ക്കുന്നതിനു ദൈവകരങ്ങളിൽ വിശ്വസ്തരായി നമ്മെ സമർപ്പിക്കണം.

നമ്മൾ അറിയുന്നതുപോലെ ഒരു പ്രത്യേക കാലഘട്ടത്തിൽ പ്രത്യേക സാഹചര്യത്തിൽ പരിശുദ്ധാത്മനിയോഗത്താൽ ആണ് പൗലൊസ് ഈ ലേഖനം എഴുതുന്നത്.

ഭാവിയെക്കുറിച്ചു ദൈവം പൗലൊസിനു വെളിപ്പെടുത്തിക്കൊടുത്ത മുഴുവൻ വിശദാംശങ്ങളും നമുക്ക് അറിയാൻ പാടില്ലെന്നതാണ് ശരിയാണ്. സംഭവിക്കുന്ന വിശ്വാസ ത്യാഗത്തെ സംബന്ധിച്ചു പൗലൊസിനു വ്യക്തതയില്ല (2 തെസ്സലൊനീക്യർ 2:3) പൗലൊസിനു എത്രമാത്രം അറിവുണ്ടെങ്കിലും ഈ വേദഭാഗം കൂടുതൽ വിവരണം നൽകുന്നില്ല. ചുരുക്കത്തിൽ പൗലൊസിനും അദ്ദേഹത്തിന്റെ എഴുത്തുകൾക്കും പ്രത്യേകിച്ചു റോമാലേഖനത്തിനും അന്ത്യകാല സംഭവങ്ങളുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്ന വസ്തുതയും നമുക്കു നിശ്ചയമില്ല. ഒരർത്ഥത്തിൽ അതൊരു പ്രശ്നമല്ല. ഈ വേദഭാഗങ്ങളുടെ ഫലമായി പ്രൊട്ടസ്റ്റൻന്റ് പ്രസ്ഥാനം ഉടലെടുത്തു എന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. ദൈവത്തോട് വിശ്വസ്തത പുലർത്തി ജീവിക്കാൻ പ്രതിജ്ഞയെടുത്തിട്ടുള്ള ദൈവമക്കൾക്കു വിശ്വാസത്തിൽ നിലനില്ക്കുന്നതിന് ആവശ്യമായ വേദപുസ്തക അടിസ്ഥാനജ്ഞാനം ഈ വാക്യങ്ങളിൽനിന്നാണു ലഭിച്ചിട്ടുള്ളത്. സർവ്വഭൂമിയും 'മൃഗത്തെ' കണ്ടു വിസ്മയിച്ചു നില്ക്കുമ്പോൾ വീണ്ടെടുക്കപ്പെട്ട ദൈവമക്കൾ അവരുടെ വിശ്വാസവും, അർപ്പണവും ഈ വേദഭാഗങ്ങളിൽനിന്നും ഊർജ്ജസ്വലതയോടെ സ്വീകരിക്കുന്നു (വെളിപ്പാട് 13:3).

**വെള്ളി** **ഡിസംബർ 29**

**കൂടുതൽ ചിന്തയ്ക്ക്**

**വായിക്കുക** Ellen G. White, 'unity and love in the church' pp 477,478; Love for the Erring pp. 604-606, in Testimonies for the church, vol.5; Helping the Tempted; p-166, in the ministry of Healing; p.719, in the SDA Bible Commentary, vol.6.

"ദൈവജനം സമാധാനം ലഭിക്കുന്നതിനായി അവരുടെ ഭാരങ്ങളുമായി, സഹോദരൻ വൈറ്റിന്റെയും, സഹോദരി വൈറ്റിന്റെയും അടുക്കൽ വരണമെന്നാഗ്രഹിക്കുന്ന

തിന്റെ അപകടം ഞാൻ കണ്ടു. അത് അങ്ങനെ ആയിരിക്കാൻ പാടില്ല. അവർ വിളിക്കപ്പെട്ടിരിക്കുന്നത് അവരുടെ മഹാദയാലുവും സ്നേഹവാനുമായ ദൈവത്തിന്റെ അടുക്കലേക്കാണ്. ദൈവം അവരുടെ ഭാരങ്ങൾ ലഘൂകരിച്ചു കൊടുക്കും. എല്ലാറ്റിൽനിന്നും ദൈവം വിടുതൽ കൊടുക്കും. ധാരാളം ആളുകൾ നമ്മുടെ അടുക്കൽ ഉപദേശങ്ങൾക്കായിട്ട് എത്താറുണ്ടല്ലോ. ഇതു ഞാൻ ചെയ്യട്ടെ ഈ സംരംഭത്തിൽ ഞാൻ പങ്കാളിയായിക്കൊള്ളട്ടെ? വസ്ത്രധാരണ ഉപദേശങ്ങൾക്കായിട്ടു വരുന്നവർ ചോദിക്കും. ഈ വസ്ത്രം ധരിക്കട്ടെ? ഈ ആഭരണങ്ങളൊക്കെ ഞാൻ ധരിച്ചുകൊള്ളട്ടെ? എന്റെ ഉത്തരം ഇപ്രകാരമായിരിക്കും. നിങ്ങൾ ദൈവത്തിന്റെ ശിഷ്യന്മാർ എന്ന് അഭിമാനിക്കുന്നുണ്ടല്ലോ. നിങ്ങൾ നിങ്ങളുടെ വേദപുസ്തകം പഠിക്കുക. യേശുരക്ഷകൻ ഭൂമിയിൽ മനുഷ്യരുടെ ഇടയിൽ ജീവിച്ച ആ ജീവിതത്തെക്കുറിച്ച്, പ്രത്യേക പ്രാർത്ഥനാപൂർവ്വം സൂക്ഷ്മതയോടെ വായിച്ചു പഠിക്കുക. യേശുവിന്റെ ജീവിതത്തെ അനുകരിക്കുക. എന്നാൽ ഒരിക്കൽപ്പോലും സത്യമാർഗ്ഗത്തിൽനിന്നും നിങ്ങൾ വ്യതിചലിക്കുകയില്ല. നിങ്ങളുടെ മനസ്സാക്ഷിമേൽ വേറെ ആർക്കും യാതൊരു മേൽക്കോയ്മയും ഇല്ല. യേശുക്രിസ്തുവിന്റെ അടുത്തേക്കു പോകുക. എന്തു ചെയ്യണമെന്നു ഞങ്ങൾ പറഞ്ഞാൽ എല്ലായ്പോഴും നിങ്ങൾ ഞങ്ങളെത്തന്നെ നോക്കിക്കൊണ്ടിരിക്കും. Ellen G. White, Testimonies for the Church, vol. 2 pp 118,119.

"നമ്മൾ ഒരു കാരണവശാലും നമ്മുടെ പ്രവൃത്തിയുടെ ഉത്തരവാദിത്വം മറ്റുള്ളവരിൽ ചുമത്തരുത്. നാം എന്താണു ചെയ്യേണ്ടത് എന്നു വേറെ ആരും നമ്മോടു പറയേണ്ട ആവശ്യം ഇല്ല. മറ്റു മനുഷ്യരിൽനിന്നും ഉപദേശത്തിനായി കാത്തിരിക്കേണ്ട. ദൈവം നമ്മെ നമ്മുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചു പഠിപ്പിക്കും. മറ്റുള്ളവരെ പഠിപ്പിക്കുന്നതുപോലെ ദൈവം നമ്മെയും പഠിപ്പിക്കും. ദൈവത്തിനു വേണ്ടി ഒന്നും ചെയ്യാൻ താല്പര്യം ഇല്ലാത്തവരെ ദൈവം ഇഷ്ടപ്പെടുന്നില്ല. അങ്ങനെയുള്ളവരോടു ദൈവത്തിന് അനിഷ്ടമാണ്. നമ്മുടെ കാര്യം യേശുക്രിസ്തു ദൈവസന്നിധിയിൽ അവതരിപ്പിക്കുമ്പോൾ ഏതു മാർഗ്ഗമാണ് സ്വീകരിക്കുന്നതെന്നറിയാം. The Desire of Ages. p. 668.

"വ്യക്തിഗത സ്വാതന്ത്ര്യം വേണമെന്നു ശഠിക്കുന്നവർ എല്ലായ്പ്പോഴും സഭയിലുണ്ട്. ആത്മീയ സ്വാതന്ത്ര്യം അനധികൃതമായ ആത്മവിശ്വാസത്തിലേക്കു നയിക്കുകയും തന്മൂലം സ്വയം ന്യായവിധിയിലേക്ക് എത്തും എന്ന കാര്യം മനസ്സിലാകാതെ പോകുന്നു. സഭയിലുള്ള മുതിർന്ന വിശ്വാസികളുടെ പക്വമായ ഉപദേശങ്ങൾ കൈക്കൊള്ളാതെ പോകുകയും ചെയ്യും. The Acts of the Apostles, pp 163,164.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

ഈ ആഴ്ചയിലെ വിഷയങ്ങളെ ആധാരമാക്കിയുള്ള ചോദ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് അതിന്റെ സന്തുലിതാവസ്ഥ മനസ്സിലാക്കാം.

1. വിശ്വസിക്കുന്നതിൽ വിശ്വസ്ഥരായി ഇരുന്നുകൊണ്ടു പ്രത്യേക വിശ്വാസമുള്ള മറ്റുള്ളവരെ ന്യായം വിധിക്കാതെ ഇരിക്കുന്നതെങ്ങനെ?

2. മറ്റുള്ളവരുടെ മനസ്സാക്ഷി ശ്രദ്ധിക്കാതെ നമ്മുടെ മനസ്സാക്ഷിയോടു നീതി പുലർത്തി, തെറ്റു വിശ്വസിക്കുന്നവരെ എങ്ങനെ സഹായിക്കാൻ കഴിയും? എപ്പോഴൊക്കെ നാം സംസാരിക്കണം? എപ്പോഴൊക്കെ നമ്മൾ മൗനമായിരിക്കണം? നമ്മൾ മൗനമായിരുന്നാൽ എപ്പോഴൊക്കെയാണ് കുറ്റകരമാകുന്നത്?

3. നമ്മൾ യേശുവിൽ സ്വതന്ത്രരായിരുന്നുകൊണ്ടു നമ്മളെ മാതൃകയായി ഉറ്റുനോക്കിക്കൊണ്ട് ഇരിക്കുന്നവരുടെമേലുള്ള ഉത്തരവാദിത്വം നമ്മൾ എങ്ങനെ പാലിക്കും?

Pubilshed by Jose Prakash for South West India Union of Seventh-day Adventists. Evergreen lane, Moospet road, Thrissur - 680005. Ph: 0487-2440341.
Type Setting and Printing@ Ebenezer Printers. Thrissur Ph: 0487-2361892